III. ശ്രദ്ധ ക്ഷണിക്കൽ

1. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കടലോര പ്രദേശങ്ങളിലെ കുടിയൊഴിപ്പിക്കൽ

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്നു കടലോര പ്രദേശങ്ങളിൽ മൂന്നു തരത്തിലുള്ള കുടിയൊഴിപ്പിക്കൽ ഭീഷണി പാവപ്പെട്ട മൽസ്യത്തൊഴിലാളികളും മറ്റ് ആളുകളും അനുഭവിച്ചു വരികയാണ്. ഇതുസംബന്ധമായി പ്രത്യേകം പ്രത്യേകമായ നിവേദനങ്ങൾ ആ പ്രദേശത്തുള്ള ആളുകൾ എന്റെ കൈയിൽ തന്നത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് കൊടുക്കുകയും അദ്ദേഹത്തിൽനിന്ന് താൽക്കാലികമായി മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പയ്യോളി പഞ്ചായത്തിൽ കോട്ടയ്ക്കൽ കടപ്പുറത്തിനു പടിഞ്ഞാറുഭാഗത്ത് പുറംകര എന്ന സ്ഥലത്ത് ഏകദേശം 160–ഓളം ഏക്കർ ഭൂമി മിച്ചഭൂമിയായി കിടക്കുകയാണ്. ഇതിൽ ഏകദേശം പത്തോളം വീട്ടുകാർ താമസിക്കുന്നുണ്ട്. ഏകദേശം നൂറോളം കൈവശക്കാരുടെ കയ്യിലാണ് ഈ സ്ഥലമെല്ലാം. പത്തു സെന്റു മുതൽ അഞ്ച് ഏക്കർവരെ കൈവശമുള്ള കൈവശകുടിയാൻമാർ അവിടെയുണ്ട്. കടലരിച്ചു കയ്യടക്കിയ മണൽത്തരികളിൽ പണ്ടുള്ള അവകാശം പുനഃസ്ഥാപിച്ചുകൊണ്ട് ഏകദേശം മുപ്പത്തഞ്ചും നാല്പതും വയസ്സ് പ്രായമുള്ള ആദായം കിട്ടിക്കൊണ്ടിരിക്കുന്ന തെങ്ങുകൾവരെ അവിടെയുണ്ട്. ഏതാനും ദിവസങ്ങൾക്കുമുമ്പ് റവന്യൂ അധികാരികൾ വന്ന് അവരെയെല്ലാം ഒഴിപ്പിക്കണമെന്നു പറഞ്ഞു നോട്ടീസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അവരെല്ലാവരുംകൂടി എന്നെ സമീപിക്കുകയും ഞാൻ ഇക്കാര്യം റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. രണ്ടാമത്തെ കാര്യം ചേമഞ്ചേരി പഞ്ചായത്തിൽ തൂവപ്പാറ എന്ന സ്ഥലത്തുള്ള കുടിയൊഴിപ്പിക്കൽ ഭീഷണിയാണ്. ധാരാളം മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന അവിടെ കാപ്പാട് ടൂറിസ്റ്റ് ഡവലപ്പ്മെന്റ്, ടൂറിസ്റ്റ് വികസനത്തിന്റെ ഭാഗമായി തൂവപ്പാറവരെ നീട്ടിയിട്ടുള്ള റോഡിന്റെ വടക്കുഭാഗത്തു താമസിക്കുന്ന ഏകദേശം 36–ഓളം മത്സ്യത്തൊഴിലാളികൾക്ക് കുടിയൊഴിപ്പിക്കൽ ഭീഷണിയുണ്ട്. കാരണം അവിടെ ടൂറിസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പുതിയ സ്ഥാപനങ്ങൾ ഉണ്ടാകാൻ പോകുന്നുവെന്നു പറഞ്ഞുകൊണ്ടാണ് ആ ഭീഷണി. അവിടത്തെ മത്സ്യത്തൊഴിലാളികളെ ഞാൻ നേരിട്ടു കാണുകയും അവരുമായി സംസാരിക്കുകയും ചെയ്തു. അവിടെ ഡവലപ്പ്മെന്റ് വരുന്നതിനോട് അവർ അനുകൂലിക്കുന്നുണ്ട്. പക്ഷേ മത്സ്യത്തൊഴിലാളികളായ അവരെ അവിടെനിന്ന് സ്ഥിരമായി താമസം മാറ്റിക്കഴിഞ്ഞാൽ അവർക്ക് ജോലിയില്ലാത്ത ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് അതിന് ഒരു പരിഹാരമുണ്ടാക്കണമെന്നാണ് അവർ എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത്. അതും ഞാൻ ഗവൺമെന്റിനു സമർപ്പിച്ചിരിക്കുകയാണ്. മൂന്നാമത്തെ കാര്യം കണ്ണങ്കടവ് എന്നു പറയുന്ന ചേമഞ്ചേരി പഞ്ചായത്തിലെ ബഹുമാനപ്പെട്ട എ.സി. ഷൺമുഖദാസിന്റെയും, എന്റെ നിയോജകമണ്ഡലത്തിന്റെയും അടുത്തുള്ള കടപ്പുറം ഭാഗത്തുള്ള മത്സ്യത്തൊഴിലാളികളും ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ കടലിൽനിന്ന് മണലടിച്ചുകയറിയ സ്ഥലത്ത് യാതൊരു ഗത്യന്തരവുമില്ലാതെ ചെറുകെട്ടി താമസിക്കുന്നവരാണു സർ. അവരുടെ വീടിന് നമ്പർ ഇട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

റേഷൻകാർഡ് കൊടുത്തിട്ടില്ല. മത്സ്യം പിടിച്ച് ആ മത്സ്യം വിറ്റ് ഉപജീവനം കഴിക്കുകയാണ് അവർ ചെയ്യുന്നത്. അവർക്ക് ഇന്നേവരെ പട്ടയം ലഭിച്ചിട്ടില്ല. അവരും ഇപ്പോൾ ഒരു കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുകയാണ്. ഈ മൂന്നു സാഹചര്യങ്ങളിൽ ആണ് ഏക ദേശം ആയിര ത്തോളം വരുന്ന പാവപ്പെട്ട തൊഴിലാളികളും മറ്റു കൃഷിക്കാരുമുൾപ്പെടെ യുള്ള ആളുകളും ഒരു ബുദ്ധിമുട്ടിന്റെ വക്കത്ത് എത്തിനിൽക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെൻറിന്റേയും ശ്രദ്ധ ഞാൻ ഈ ദുരവസ്ഥയിലേക്ക് ക്ഷണിക്കുന്നത്. ഇക്കാര്യത്തിൽ താൽക്കാ ലിക നടപടികളെല്ലാം നിർത്തിവച്ച് അർഹതപ്പെട്ട ആളുകളെ അവിടെ ത്തന്നെ കുടിയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അല്ലാത്തവരെ ഒഴിപ്പിക്കുന്നതിന് വിരോധമില്ല. ധാരാളം ഭൂമി കൈവശമുള്ള ആരെങ്കിലും ഇക്കൂട്ടത്തിലുണ്ടെങ്കിൽ അവരെ ഒഴിപ്പിക്കുന്നതിന് എനിക്ക് വിരോധമില്ല. പുറത്തു വീടും ഭൂമിയുമുള്ള ആളുകളെ ഒഴിപ്പിക്കുന്നതിനും വിരോധ മില്ല. പക്ഷേ യാതൊരു ഗത്യന്തരവുമില്ലാത്ത ഈ പ്രദേശത്തു താമസിക്കുന്ന ആളുകളെ അവിടെത്തന്നെ കുടിയിരുത്തുകയും അതേയവസരത്തിൽ കാപ്പാട് ടൂറിസ്റ്റ് ഡവലപ്പ്മെൻറ് സ്കീം നഷ്ടപ്പെടുത്തുകയും പാകാതി രിക്കുന്ന എന്തെങ്കിലും ബുദ്ധിപരമായ പ്രവർത്തനം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും വിനയപൂർവ്വം ഞാൻ അഭ്യർത്ഥി ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പുറങ്കര, തൂവപ്പാറ, കണ്ണംകടവ് എന്നീ സ്ഥലങ്ങളിലുണ്ടാകാൻ സാദ്ധ്യതയുള്ള കുടിയിറ
10 A.M.] ക്കിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചി പ്പിച്ചത്. ഈ പ്രദേശങ്ങളിൽ 70 കുടുംബങ്ങളാണ് അനധികൃത മായി പുറമ്പോക്കു കയ്യേറി അവിടെ വീടുകൾവച്ചിട്ടുണ്ട്. അത് അടുത്ത കാലത്തുണ്ടായ കയ്യേറ്റമാണെന്നാണ് രേഖയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ പ്രദേശത്ത് ഇപ്പോൾ നിലവിലുള്ള സാഹചര്യത്തെ സംബ ന്ധിച്ച് ഗവൺമെൻറ് അന്വേഷിക്കുകയും അതിനെ സംബന്ധിച്ച് റിപ്പോർട്ട് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഇപ്പോൾ കയ്യേറി യിരിക്കുന്ന ആളുകളെ സ്ഥിരമായി പാർപ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാവശ്യമായിട്ടുണ്ട്. രണ്ടു കാരണങ്ങളാൽ അത് ആവശ്യമാണ്. ഒന്ന്, ബീച്ചിന്റെ ഏരിയായിൽ അത് എത്രമാത്രം സ്ഥലം അവർ കൈവശപ്പെടുത്തിയിട്ടുണ്ട് അത് കടൽഭിത്തി കെട്ടുകയും കടൽക്ഷോഭത്തിൽനിന്ന് മറ്റു പ്രദേശങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ നിലനിർത്തിക്കൊണ്ടാണോ എന്നുള്ളത്. പ്രത്യേകമായി പരിശോധിക്കേണ്ടതാവശ്യമായിട്ടുണ്ട്. അതു പോലെ മറ്റു കാര്യങ്ങളും കണക്കിലെടുത്തുകൊണ്ടുമാത്രമേ ഇവർക്ക് സ്ഥിരമായി ഭൂമി കൊടുക്കുവാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധി ച്ചുള്ള നടപടികൾ തൽക്കാലത്തേക്ക് നിർത്തിവയ്ക്കാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് വിശദമായി അന്വേ ഷണം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടി രിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം ആ ഭൂമിയെ സംബന്ധിച്ച് തീരുമാനമെടുക്കുകയും ഇത് പതിച്ചു കൊടുക്കാൻ കഴിയുന്നതാണോ എന്നു പരിശോധിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം തൃവപ്പാറ പ്രദേശത്തെ സംബന്ധിച്ചാണ്. അതൊരു പ്രത്യേക കാര്യത്തിനുവേണ്ടിയുള്ള ഡെവലപ്പ്മെന്റിനെ ഉദ്ദേശിച്ചുകൊണ്ട് ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടിയാണ്. സ്വാഭാവികമായും ആ പ്രദേശത്തെ പുരോഗതിക്ക് അത് ആവശ്യമാണ് എന്നുള്ളതുകൊണ്ട് അത് നിർത്തിവയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. അവിടെ കയ്യേറി വീടുകളും വച്ചിരിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കാൻ എന്താണ് മാർഗ്ഗം എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയും പരിഗണിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉറപ്പിൽ ഞാൻ സംതൃപ്തനാണ്. പക്ഷേ ഒരു കാര്യമുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ ഉദ്യോഗസ്ഥൻ അവിടെ വരുന്ന സമയം നിയോജകമണ്ഡലത്തിലെ പ്രതിനിധി എന്ന നിലക്ക് എന്നെക്കൂടി അറിയിച്ചുകൊണ്ട് ഒന്നിച്ചുപോയി സ്ഥലം പരിശോധിക്കുവാനും വേറെ ഭൂമി കൈവശമുള്ള ആളുകളാണെങ്കിൽ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനും ഉള്ള അവസരം എനിക്കുകൂടി തരാൻ സന്നദ്ധമാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഒന്നിച്ചുപോയി ഇൻസ്പെക്ഷൻ നടത്തുക എന്നു പറയുന്നത് ശരിയായ നടപടിക്രമമല്ല. എന്നിരുന്നാലും കളക്ടർ അവിടെ അന്വേഷണത്തിനുപോകുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. യെ ആ കാര്യം അറിയിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാവുന്നതാണ്.

2. നെടുമങ്ങാട് താലൂക്കിൽ വ്യവസായ സംരംഭത്തിനുള്ള ഗവൺമെന്റ് നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പങ്കജാക്ഷൻ: സർ, വ്യാവസായികമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് നെടുമങ്ങാട് താലൂക്കിൽ വ്യവസായസംരംഭങ്ങളാരംഭിക്കുന്നതിന് മുമ്പുണ്ടായിരുന്ന ഒരു നിർദ്ദേശം പ്രാവർത്തികമാക്കാമെന്ന് വ്യവസായ വകുപ്പുമന്ത്രിയും കൂടി സമ്മതിച്ചിരുന്നതും ഇനിയും നടപ്പിലാക്കാതിരിക്കുന്നതുമായ സാഹചര്യം വ്യവസായവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് നൽകിയത്. അദ്ദേഹത്തിനുംകൂടി താൽപ്പര്യമുള്ള പ്രദേശമാണ് നെടുമങ്ങാട് താലൂക്കിലെ തൊളിക്കോട് പഞ്ചായത്തും പരിസരപ്രദേശങ്ങളും. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സഖാവ് നായനാരുടെ നേതൃത്വത്തിൽ നിലവിലുണ്ടായിരുന്നപ്പോഴാണ് പിന്നോക്കമായിട്ടുള്ള ചില പ്രദേശങ്ങളെ നിർണ്ണയിച്ച് അവിടങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു. നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് പഞ്ചായത്തിലൊഴികെ മറ്റു സ്ഥലങ്ങളിൽ തീരുമാനിക്കപ്പെട്ടിരുന്ന സംരംഭങ്ങൾ നിലവിൽ വരികയോ തുടങ്ങാനുള്ള നടപടികൾ ഉണ്ടാവുകയോ ചെയ്തു കഴിഞ്ഞു. നെടുമങ്ങാട് താലൂക്കിലെ മലയോരപ്രദേശങ്ങളിൽ ഈറ, പനമ്പ്, ഇവയെ ആസ്പദമാക്കി കുറെ കുടിൽവ്യവസായങ്ങളുമായി ബന്ധപ്പെട്ട് ചെറിയ തൊഴിൽസാദ്ധ്യതകൾ മാത്രമേയുള്ളൂ. കൂടുതൽ തൊഴിലിനുള്ള സാദ്ധ്യതയില്ല. പിന്നെ ചെറിയ റബ്ബർ ഉടമകളുണ്ട്. റബ്ബറിനെ ആധാരമാക്കിയുള്ള വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly